**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3915** **28-06-2024 - ൽ മറുപടിയ്ക്ക്**

**പുതുതായി അക്ഷയകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് അക്ഷയ കേന്ദ്രങ്ങൾ പുതുതായി ആരംഭിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | അക്ഷയ കേന്ദ്രം അനുവദിക്കുന്നത് സംബന്ധിച്ച് മാനദണ്ഡങ്ങൾ സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുള്ള ദൂരപരിധി ഗ്രാമപഞ്ചായത്തുകളിൽ 2 കി.മീ ഉം, മുൻസിപ്പാലിറ്റികളിൽ 1.5 കി.മീ ഉം, കോർപ്പറേഷനിൽ 1 കി.മീറ്ററുമായി 30/07/2021 ലെ സ.ഉ(കൈ) നം.24/2021/വിസവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. ഈ ദൂരപരിധി പാലിച്ച കൊണ്ട് ജില്ലാ ഇ-ഗവേർണൻസ് സൊസൈറ്റിയുടെ ശുപാർശയോടുകൂടി അക്ഷയ ഡയറക്ടർ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്ന പ്രൊപ്പോസൽ പരിശോധിച്ച് അക്ഷയ കേന്ദ്രങ്ങൾക്കുള്ള ലൊക്കേഷനുകൾ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇപ്രകാരം അംഗീകാരം ലഭിച്ച ലൊക്കേഷനുകളിലേയ്ക്ക് സംരംഭകരെ തെരഞ്ഞെടുക്കുന്നതിന് അതാത് ജില്ലാ ഓഫീസുകളിൽ നിന്നും വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ പ്ലസ് ടു/പ്രീഡിഗ്രി പാസ്സായവരും 18 വയസിനും 50 വയസ്സിനും ഇടയിൽ പ്രായമുള്ളതുമായ ഏതൊരാൾക്കും ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. തുടർന്ന് ഓൺലൈൻ പരീക്ഷ, അഭിമുഖം, എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നാണ് അക്ഷയ സംരംഭകരെ തിരഞ്ഞെടുക്കുന്നത്. |
| (ബി) | ആലപ്പുഴ നഗരസഭയിൽ നിലവിൽ എത്ര അക്ഷയകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാം വാർഡുകളുടെ പരിധിയിലാണെന്നും അവയുടെ മേൽവിലാസവും ലഭ്യമാക്കാമോ; | (ബി) | ആലപ്പുഴ നഗരസഭയിൽ നിലവിൽ 10 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അക്ഷയ കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | അനുവദിക്കപ്പെട്ട വാർഡുകൾക്ക് പുറത്ത് ഏതെങ്കിലും അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ | (സി) | ഇല്ല. |

| | | | |
|---|---|---|---|
| | ഏതൊക്കെയാണെന്ന് അറിയിക്കാമോ;സംസ്ഥാനത്തെ തൊഴിലന്വേഷകരേയും തൊഴിൽ ദാതാക്കളെയും കോർത്തിണക്കുന്നതിനായി നോളജ് ഇക്കോണമി മിഷൻ ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം എന്ന പോർട്ടലിന് രൂപം നല്കിയിട്ടുണ്ടോ; | | സംസ്ഥാനത്തെ തൊഴിലന്വേഷകരേയും തൊഴിൽ ദാതാക്കളെയും കോർത്തിണക്കുന്നതിനായി കേരള ഡെവലപ്പ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (K-Disc), നോളജ് ഇക്കോണമി മിഷൻ ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം എന്ന പോർട്ടലിന് രൂപം നൽകിയിട്ടുണ്ട്. ഈ പ്ലാറ്റ്ഫോമിൽ നിലവിൽ 17,02,210 തൊഴിൽ അന്വേഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിനോടകം രാജ്യത്തിനകത്തും പുറത്തും നിന്നായി 6317 തൊഴിൽ ദാതാക്കളെ അണിനിരത്താൻ കഴിഞ്ഞിട്ടുണ്ട്. |
| (ഡി) | പ്രദേശവാസികൾക്ക് എളുപ്പത്തിൽ എത്തിച്ചേരുന്നതിന് വേണ്ടി ഓരോ വാർഡുകളിലുമുള്ള അക്ഷയ കേന്ദ്രങ്ങൾ പ്രസ്തുത വാർഡുകളുടെ മധ്യഭാഗത്ത് സ്ഥാപിക്കുന്നത് കൂടുതൽ സൗകര്യപ്രദമാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരത്തിൽ അവ പുനഃക്രമീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ? | (ഡി) | ഇത്തരം കാര്യങ്ങൾകൂടി പരിശോധിച്ചാണ് ജില്ലാ ഇ-ഗവേർണൻസ് സൊസൈറ്റി കേന്ദ്രം അനുവദിക്കുന്നതിനുള്ള ശുപാശ അക്ഷയ ഡയറക്ടർ മുഖാന്തിരം സർക്കാറിൽ സമർപ്പിക്കുന്നതും കേന്ദ്രം അനുവദിക്കുന്നതും. |

സെക്ഷൻ ഓഫീസർ

*അനുബന്ധം*

| ക്രമ നം. | സംരംഭകന്റെ പേര് | ലൊക്കേഷൻ | അക്ഷയ കേന്ദ്രത്തിന്റെ മേൽ വിലാസം | വാർഡുകളുടെ പരിധി |
|---|---|---|---|---|
| 1 | സുചേത ജയചന്ദ്രൻ | തുമ്പോളി | അക്ഷയ- ഇ-സെന്റർ<br>കൊമ്മാടി വാർഡ്, തുമ്പോളി<br>ആലപ്പുഴ നോർത്ത് പി.ഒ<br>പിൻകോഡ് - 688007 | 1, 2, 3, 51, 52 |
| 2 | ഫിയാസ് എം താജുദ്ദീൻ | പവ്വർ ഹൗസ് വാർഡ് | അക്ഷയ- ഇ-സെന്റർ<br>മട്ടാഞ്ചേരി പാലത്തിന് സമീപം<br>പവ്വർ ഹൌസ്<br>പിൻകോഡ് - 688007 | 22, 24, 45, 46, 47, 48, 49, 50 |
| 3 | സക്കീർ ഹുസൈൻ റ്റി. ഇ | സക്കറിയ ബസാർ | അക്ഷയ- ഇ-സെന്റർ<br>സക്കറിയ ബസാർ ജംഗ്ഷൻ<br>പിൻകോഡ് - 688012 | 32, 34, 35, 36, 43, 44 |
| 4 | അനുരാജ് പി ബി | തിരുവമ്പാടി | അക്ഷയ- ഇ-സെന്റർ<br>തിരുവമ്പാടി ALP197<br>തൈപ്പറമ്പിൽ, തിരുവമ്പാടി വാർഡ്, പഴവീട്. പി.ഒ<br>ആലപ്പുഴ - 688002 | 27, 28, 30, 31, 38, 39 |
| 5 | റ്റി .എസ് സുമംഗല | കാളാത്ത് ജം. | അക്ഷയ- ഇ-സെന്റർ<br>കൊറ്റംകുളങ്ങര വാർഡ്<br>കാളാത്ത് ജംഗ്ഷൻ<br>പിൻകോഡ് - 688002 | 4, 5 ,6, 7, 17, 18, 19 |
| 6 | മനോജ് ഡി | തത്തംപള്ളി | അക്ഷയ- ഇ-സെന്റർ<br>ആലിൻചുവട്<br>തത്തംപള്ളി<br>പിൻകോഡ് - 688002 | 6, 15, 16,23 |
| 7 | ജോജി മാത്യൂ | തോണ്ടൻ കുളങ്ങര | അക്ഷയ- ഇ-സെന്റർ<br>തോണ്ടൻകുളങ്ങര ALP200<br>പഞ്ചാബ് നാഷണൽ ബാങ്കിന് എതിർവശം,<br>തോണ്ടൻകുളങ്ങര വാർഡ്,<br>അവലൂക്കുന്ന് പി.ഒ | 20, 21 |

| | | | | |
|---|---|---|---|---|
| | | | ആലപ്പുഴ - 688006 | |
| 8 | റോഷ്ന പി. എം | കല്ലുപാലം | അക്ഷയ- ഇ-സെന്റർ<br>മസ്താൻ പള്ളി കോംപ്ലക്സ്<br>കല്ലുപാലത്തിന് സമീപം<br>പിൻകോഡ് - 688011 | 8, 13, 14, 25, 26, 33 |
| 9 | വിജയലക്ഷമി ഉണ്ണിക്യഷ്ണൻ | കൈതവന | അക്ഷയ- ഇ-സെന്റർ<br>കൈതവന, കളത്തിൽ ബിൽഡിംഗ്<br>ഗണപതി ക്ഷേത്രത്തിന് എതിർവശം<br>പിൻകോഡ് - 688003 | 9, 10, 11, 12, 29 |
| 10 | ഗ്രേസി വി ആർ | ഇ.എസ്.ഐ വാർഡ് | അക്ഷയ- ഇ-സെന്റർ<br>ശ്രീഭഗവതി വിലാസം ബിൽഡിംഗ്<br>ഇഎസ്ഐ വാർഡ്<br>പിൻകോഡ് – 688012 | 37, 40, 41, 42 |